**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **26-07-2021 - ല്‍ മറുപടിയ്ക്ക്**

**ദേശീയ നിലവാരത്തിലുള്ള പൊതുവിദ്യാഭ്യാസരംഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രന്‍,<br>ശ്രീ. എം.വിജിന്‍,<br>ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. ടി. എ. റഹീം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസം ഗുണമേന്മയുള്ളതും ദേശീയ നിലവാരത്തിലുള്ളതുമാക്കുന്നതിന്റെ ഭാഗമായി പാഠപുസ്തകങ്ങള്‍ തയ്യാറാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പിന്‍തുടര്‍ന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസം ഗുണമേന്മയുള്ളതും ദേശീയ നിലവാരത്തിലുള്ളതുമാക്കു ന്നതിന്റെ ഭാഗമായി കേരളത്തില്‍ ശാസ്ത്രീയവും പുരോഗമനപരവുമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് പാഠ്യപദ്ധതി സമീപനവും ഉള്ളടക്കവും നിശ്ചയിക്കുന്നത്. ആദ്യഘട്ടത്തില്‍ പാഠ്യപദ്ധതിയുടെ ദര്‍ശനം, സമീപനം എന്നിവ ശാസ്ത്രീയമായി തീരുമാനിക്കും. ഇതിന്റെ അടിസ്ഥാനത്തില്‍ പഠനവിനിമയ തന്ത്രങ്ങളും വിലയിരുത്തല്‍ രീതികളും രൂപപ്പെടുത്തും. കൂടാതെ ദേശീയവും അന്തര്‍ദേശീയവുമായി നിലവിലുള്ള പാഠ്യപദ്ധതികള്‍ പരിശോധിച്ച് മികച്ച ഉള്ളടക്ക മേഖലകള്‍ തയ്യാറാക്കുന്നു. പാഠ്യപുസ്തകങ്ങളില്‍ പ്രാദേശിക വൈവിധ്യം ഉള്‍ച്ചേര്‍ക്കുന്നതിനുള്ള ശ്രമവും നടത്തുന്നു. ജനാധിപത്യം, മതേതരത്വം, സമത്വം, ലിംഗസമത്വം, ശാസ്ത്രാവബോധം തുടങ്ങിയ കാമ്പ് മൂല്യങ്ങള്‍ (കോര്‍ വാല്യൂസ്) സ്വാംശീകരിക്കുന്നതിനുള്ള ഉള്ളടക്ക മേഖലകളാണ് നിശ്ചയിക്കപ്പെടുന്നത്. കുട്ടിയുടെ മാനസിക, ശാരീരിക പ്രത്യേകതകള്‍ പരിഗണിച്ചുകൊണ്ടാണ് വ്യത്യസ്ത ക്ലാസുകളിലെ പാഠപുസ്തകങ്ങള്‍ തയാറാക്കുന്നത്. |
| (ബി) | ദേശീയതലത്തില്‍ നിക്ഷിപ്ത താത്പര്യങ്ങള്‍ക്ക് വിധേയമായി ചരിത്ര പാഠപുസ്തകങ്ങളില്‍ തിരുത്തല്‍ വരുത്തുന്നതിനുള്ള ശ്രമങ്ങള്‍ നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (ബി) | സിലബസ് വല്‍ക്കരണത്തിന്റെ ഭാഗമായി എന്‍.സി.ഇ.ആര്‍.ടി യുടെ ചരിത്ര പാഠപുസ്തകങ്ങളില്‍ മാറ്റം വരുത്തിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. കേരളം അത് സ്വീകരിച്ചിട്ടില്ല. ഗൗരവമായി കാണുന്നുണ്ട്. |
| (സി) | മാനവികതയും സാഹോദര്യവും ഇടകലര്‍ന്ന സൗഹാര്‍ദ്ദപരമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നടത്തിവരുന്ന ശ്രമങ്ങള്‍ക്ക് | (സി) | ഗൗരവമായി കാണുന്നുണ്ട്. |

| | | | |
|---|---|---|---|
| | ഇത് തിരച്ചടിയാകുമെന്ന വസ്തുത ഗൗരവമായിക്കാണുന്നുണ്ടോ; | | |
| (ഡി) | ഇക്കാര്യത്തിൽ ഫെഡറൽ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് ഭരണഘടനാപരമായി സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | വിവിധ സന്ദർഭങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിലപാട് കേന്ദ്രത്തെ അറിയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ